കോതമംഗലം രൂപത ബുള്ളറ്റിൻ




# ദൈവരാജ്യം

മാർച്ച് 2021 വാല്യം 60 ലക്കം 3



## St. Joseph

"Go to Joseph; what he says to you, do"

Gen 41,55

# CONGRATULATIONS & *Best Wishes*



**NEWLY ORDAINED PRIESTS OF THE EPARCHY WITH THE BISHOP**

# ആദരാഞ്ജലികൾ

## റവ. ഫാ. ജേക്കബ് കളപ്പുരയ്ക്കൽ



| | | |
|---|---|---|
| ഇടവക | : | കലൂർ |
| ജനനം | : | 14.04.1937 |
| തിരുപ്പട്ടം | : | 01.12.1964 |
| മരണം | : | 01.02.2021 |
| മൃതസംസ്കാരം | : | 03.02.2021 |

**സേവനരംഗങ്ങൾ:**

അസി. വികാരി – കത്തീഡ്രൽ

വികാരി – ഉടുമ്പന്നൂർ, ചീനിക്കുഴി, നീണ്ടപാറ, ആനിക്കാട്, മൈലക്കൊമ്പ്, ബസ്സഹം, മാറിക

പ്രൊഫസർ – എം. എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം

കോതമംഗലം രൂപത ബുള്ളറ്റിൻ




# ദൈവരാജ്യം

മാർച്ച് 2021 വാല്യം 60 ലക്കം 3




## ഉള്ളടക്കം


5 സർക്കുലർ
9 പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ യുടെ 2021-ലെ നോമ്പുകാല സന്ദേശം
16 മദ്ധ്യവിരുദ്ധ ഞായർ 2021 മാർച്ച് 14
20 സിനഡ് അനന്തര സർക്കുലർ
25 പുതുഞായർ
26 രൂപതക്കച്ചേരി
29 മൈനർ സെമിനാരി
31 വിജ്ഞാനഭവൻ
33 കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
34 സോഷ്യൽ സർവീസ്
35 ചെറുപുഷ്പ മിഷൻലീഗ്
36 കെ. സി. എസ്. എൽ.
37 ഫാമിലി അപ്പോസ്തലേറ്റ്
37 മാതൃവേദി
38 ഡി. എഫ്. സി.
40 യുവദീപ്തി
41 ജീസസ് യൂത്ത്
42 പ്രാർത്ഥനാഗ്രൂപ്പ്
43 കേരള ലേബർ മൂവ്മെന്റ്
43 തിരുനാൾ മംഗളങ്ങൾ
45 രൂപതാദ്ധ്യക്ഷന്റെ ഡയറി
48 Bishop's Engagements
48 സന്യാസസമൂഹങ്ങളുടെ പുതിയ സാരഥികൾ
49 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
50 നിര്യാതരായി


**Patron**
MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**
REV. FR. JOSE PULLOPPILLIL

**Printer & Publisher**
REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 സർക്കുലർ

Page 16 മദ്യവിരുദ്ധ ഞായർ

Page 20 സിനഡ് അനന്തര സർക്കുലർ


Page 30 വൊക്കേഷൻ ക്യാമ്പ്

Page 32 സ്കോളർഷിപ്പ് പരീക്ഷ

Page 33 അദ്ധ്യാപക തസ്തികയിലേക്കുള്ള അപേക്ഷകൾ

Page 37 വിവാഹഒരുക്ക സെമിനാർ


## തിരുനാളുകൾ




**18**
ജറുസലെമിലെ വി സിറിൽ



**19**
വി.യൗസേപ്പിതാവ്



**25**
മംഗലവാർത്തത്തിരുനാൾ

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

സഭയുടെ മദ്ധ്യസ്ഥനും തിരുക്കുടുംബത്തിന്റെ കാവൽക്കാരനുമായ വി. യൗസേപ്പിതാവിനെ ഓർക്കുവാനും അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതമാതൃക നമ്മുടെ ജീവിതത്തിൽ സ്വാംശീകരിക്കാനുമായി 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുകയാണ്. വാഴ്ത്തപ്പെട്ട 9-ാം പീയൂസ് പാപ്പാ ആഗോള സഭയുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിതാവിനെ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് ഫ്രാൻസിസ് പാപ്പ വി. യൗസേപ്പിതാവിന്റെ വണക്കത്തിനായി ഒരു വർഷം നീക്കിവച്ചിരിക്കുന്നത്. യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം Patris Corde (പിതൃഹൃദയത്തോടെ) യൗസേപ്പിതാവിന്റെ വിശുദ്ധ ജീവിതത്തെ വ്യക്തമായി വരച്ച് കാണിക്കുന്നതാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ മുഖവുരയിൽ പാപ്പാ ഇപ്രകാരം പറയുന്നു: "യൗസേപ്പിന്റെ മകൻ എന്ന് നാല് സുവിശേഷകരും വിശേഷിപ്പിക്കുന്ന ഈശോയെ പിതൃഹൃദയത്തോടെ വി. യൗസേപ്പ് സ്നേഹിച്ചു." യൗസേപ്പിതാവിന്റെ ത്യാഗപൂർണ്ണവും സ്നേഹനിർഭരവുമായ ജീവിതത്തെ നാം മാതൃകയാക്കണമെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധ അമ്മ കഴിഞ്ഞാൽ മാർപാപ്പാമാരാൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ട വിശുദ്ധൻ യൗസേപ്പിതാവാണ്. 'കത്തോലിക്കാസഭയുടെ കാവൽക്കാരൻ' എന്നാണ് 9-ാം പീയൂസ് മാർപാപ്പ യൗസേപ്പിതാവിനെ വിശേഷിപ്പിക്കുന്നത്. 12-ാം പീയൂസ് മാർപാപ്പ 'തൊഴിലാളികളുടെ മദ്ധ്യസ്ഥൻ' എന്നും, വി. ജോൺ പോൾ രണ്ടാമൻ പാപ്പ 'രക്ഷകന്റെ പരിപാലകൻ' എന്നുമാണ് വി. യൗസേപ്പിതാവിനെ വിളിക്കുന്നത്.

ഇന്ന് നാം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം തേടാനുള്ള ശ്രമങ്ങളിൽ നമ്മെ സഹായിക്കാൻ തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പിതാവിന് സാധിക്കും. കോവിഡ് മഹാമാരി, ദാരിദ്ര്യം, കുടുംബശിഥിലീകരണം, നല്ല നേതൃത്വങ്ങളുടെ അഭാവം, ഇടർച്ചകളും ദുർമാതൃകകളും തുടങ്ങിയ ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് സഭയും സമൂഹവും കടന്നുപോകുന്നത്. ഈ സാഹചര്യത്തിലാണ് സ്നേഹനിർഭരവും വിശ്വാസതീക്ഷ്ണവും ശാന്തവുമായ ജീവിതം കൊണ്ട് വി. യൗസേപ്പിതാവ് നമ്മുടെ മുമ്പിൽ മാതൃകയായി നിലകൊള്ളുന്നതും മാദ്ധ്യസ്ഥ്യം വഹിച്ച് നമ്മെ സഹായിക്കുന്നതും.

Patris Corde എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ ആമുഖത്തിലുള്ള പ്രധാനപ്പെട്ട ഒരു ചിന്ത നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാധ്യമങ്ങളിലോ, പൊതുജനശ്രദ്ധയിലോ സ്ഥാനം പിടിക്കാത്ത, എന്നാൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന സാധാരണ മനുഷ്യരുമായി വി. യൗസേപ്പിതാവിന് സാമാനതകളില്ലാത്ത സാമ്യമുണ്ടെന്ന് പാപ്പ പറയുന്നു. ഈ സാഹചര്യത്തിലാണ് ഈ വർഷത്തെ മറ്റൊരു പ്രധാന ചിന്താവിഷയവും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നത്. യൗസേപ്പിതാവിന്റെ സവിശേഷ വണക്കത്തിനായി ഈ വർഷം മാറ്റി വയ്ക്കുന്നതിനൊപ്പം 2021 മാർച്ച് 19 യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ഫ്രാൻസിസ് പാപ്പാ "സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബങ്ങ"ളുടെ വർഷത്തിന് (Amoris Lætitia Family) തുടക്കം കുറിക്കുകയാണ്. 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെയാണ് ഈ വർഷാചരണം. 2016-ൽ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച "സ്നേഹത്തിന്റെ ആനന്ദം" (Amoris Lætitia) എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് പാപ്പാ ഈ വർഷാചരണത്തിന് ആഹ്വാനം ചെയ്തിരിക്കുന്നത്. നമ്മുടെ കുടുംബങ്ങളിലെ വയോധികരെയും മുതിർന്ന മാതാപിതാക്കളെയും സവിശേഷമാംവിധം ഓർക്കാനും അവർക്ക് ആവശ്യമായ സ്നേഹവും, പരിഗണനയും ശുശ്രൂഷയും നൽകാനും പാപ്പാ ആഹ്വാനം ചെയ്യുന്നു. വൃദ്ധരായ മാതാപിതാക്കളെ താത്പര്യത്തോടെ കരുതാനും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. വിശ്വാസതീക്ഷ്ണതകൊണ്ടും മാതൃകാപരമായ കുടുംബജീവിതംകൊണ്ടും

നമ്മുടെ തലമുറയെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരാണവർ.

ഈ വർഷം നമ്മുടെ കുടുംബങ്ങളെ ആത്മീയമായും ധാർമ്മികമായും ശക്തിപ്പെടുത്താനും തിന്മയുടെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിക്കാനും നമുക്ക് തീരുമാനമെടുക്കാം. പ്രതിസന്ധികളുടെ മദ്ധ്യത്തിൽ തിരുക്കുടുംബത്തെ മുന്നോട്ട് നയിച്ച യൗസേപ്പിതാവിന്റെ ആത്മീയ ശക്തി നമ്മുടെ കുടുംബങ്ങൾക്കും സ്വന്തമാകണം. നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും വിശ്വാസത്തിലും വിശുദ്ധിയിലും വളർത്താനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. മാതാപിതാക്കൾ പകർന്നുകൊടുക്കുന്ന മൂല്യബോധവും, ആത്മീയ ബോധ്യങ്ങളും തുറന്ന മനസ്സോടെ സ്വീകരിക്കാനുള്ള താല്പര്യം മക്കൾക്കും ഉണ്ടാകണം. ഇങ്ങനെ പരസ്പരസഹകരണത്തോടും സ്നേഹത്തോടും കൂട്ടായ്മയോടുംകൂടി മുന്നോട്ട് പോകുന്ന ക്രൈസ്തവ കുടുംബങ്ങൾക്കാണ് വിശ്വാസജീവിതത്തിന് സാക്ഷ്യം വഹിക്കുവാൻ സാധിക്കുന്നത്.

വി. യൗസേപ്പിതാവ് തന്റെ കുടുംബത്തിന്റെ സംരക്ഷണത്തിനുവേണ്ടി വലിയ ത്യാഗങ്ങൾ സഹിച്ച വ്യക്തിയായിരുന്നു. ഇന്നത്തെ കുടുംബങ്ങളും ഇതിന് സമാനമായതോ ഇതിലും തീവ്രമായതോ ആയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നുണ്ട്. കോവിഡ് 19 മൂലമുണ്ടായിരിക്കുന്ന ആത്മീയ പ്രശ്നങ്ങൾ നമ്മുടെ കുട്ടികളെ വളരെയേറെ അലട്ടുന്നുണ്ട്. ഒരു വശത്ത് ആത്മീയകാര്യങ്ങളിലെ നിസംഗതയും താത്പര്യക്കുറവും വളരുമ്പോൾ മറുവശത്ത് മാധ്യമങ്ങളുടെ അമിതമായ ഉപയോഗം നമ്മുടെ യുവതലമുറയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൈശാചിക ശക്തികൾ സമൂഹത്തിന്റെ സർവമേഖലകളിലും സജീവമാകുമ്പോൾ കുട്ടികൾക്ക് വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്നുവരുവാനുള്ള സാഹചര്യം ഒരുക്കുവാൻ നമുക്കു സാധിക്കണം. അതിനായി വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കാം.

യൗസേപ്പിതാവിന്റെ ഈ വർഷം നമ്മുടെ രൂപതയിലെ വി. യൗസേപ്പിന്റെ നാമത്തിലുള്ള മൂന്ന് ദൈവാലയങ്ങൾ - മാറിക, നെല്ലിമറ്റം, പെരിങ്ങഴ എന്നിവ തീർത്ഥാടനകേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയാണ്. ഒരുക്കത്തോടും പ്രാർത്ഥനാരൂപിയോടും കൂടി ഈ ദൈവാലയങ്ങളിൽ സന്ദർശനം നടത്തുന്നവർക്ക് അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വി. യൗസേപ്പിതാവിന്റെ വർഷത്തിൽ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പൂർണ്ണ ദണ്ഡവിമോചനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1 കുമ്പസാരിച്ച്, വി. കുർബാന സ്വീകരിച്ച് മാർപാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

2 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലി 30 മിനിറ്റ് ധ്യാനിക്കുക.

3 അനുദിനജീവിതത്തിൽ നിശ്ശബ്ദത, പ്രാർത്ഥന, വിവേകം, വിശ്വസ്തത, നീതി എന്നിവ പാലിക്കുക. കാരുണ്യപ്രവർത്തികൾ ഒരുക്കത്തോടും പ്രാർത്ഥനയോടുംകൂടി ചെയ്യുക.

4 കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുക.

5 ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മതപീഡനം അനുഭവിക്കുന്ന സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

6 യൗസേപ്പിതാവിന്റെ തിരുനാൾ ദിനങ്ങളായ മാർച്ച് 19, മെയ് 1, എല്ലാ മാസത്തെയും 19-ാം തീയതിയും, എല്ലാ ബുധനാഴ്ചകളും യൗസേപ്പിതാവിനോടുള്ള ജപം ചൊല്ലി പ്രാർത്ഥിക്കുക.

7 കുമ്പസാരം, രോഗീലേപനം, രോഗികൾക്ക് പരിശുദ്ധ കുർബാന നൽകൽ എന്നിവ തീക്ഷ്ണതയോടെ പരികർമ്മം ചെയ്ത് വൈദികർക്ക് ദണ്ഡവിമോചനം നേടാവുന്നതാണ്.

കുടുംബങ്ങളുടെ സംരക്ഷകയായ പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിനും തിരുക്കുടുംബത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയ്ക്കും നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2021 മാർച്ച് 14-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3445/K-5/KCBC/OL/DS 12.2.2021

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2021–ലെ നോമ്പുകാല സന്ദേശം

*"ഇതാ ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു" (മത്താ 20:18).*

### നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ "ജീവജല"ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും (cf. മത്താ 6:1–18) നമ്മുടെ മാനസാന്തരത്തെ

സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവയും ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾ തോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തുതന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്ന രൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തി

ന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. Fratelli Tutti, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനായാണ്.

2. പ്രത്യാശ  ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച യേശു അവൾക്ക് "ജീവജലം" (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ അതിന്റെ അർത്ഥമെന്തെന്ന് അവൾക്ക് മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് "മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും" (മത്താ 20:19). ഇതുവഴി യേശു പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു

എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ, സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്: “ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ” (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും, മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും, ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (Fratelli Tutti, 223). ചിലപ്പോൾ ദയാവായ്പി

നാലും, നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമായ വാക്കുകളിലൂടെയും, പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid., 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ "എല്ലാറ്റിനെയും നവീകരിക്കുന്ന" (cf. വെളി 21:1-6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

"സാമൂഹിക സ്നേഹം" നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരു

ക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനു ശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (Fratelli Tutti, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും സ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപ്പാത്രവും മാവിൻ കലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7-16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:30-44). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും, ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അ

തുവഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾ ച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേ ഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാ വിളിയായി മാറാൻ നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെ ന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പ ങ്കുവെയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വി ശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പി താവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകു ന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൽ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്ത യായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവി ന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാ മെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

റോമിൽനിന്ന്, 11 നവംബർ 2020

ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം

**ഫ്രാൻസിസ് പാപ്പ**

Ref: 3442/K-5/KCBC/OL/DS 10.2.2021

# മദ്യവിരുദ്ധ ഞായർ, 2021 മാർച്ച് 14

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി ലോകമാസകലം ഭീഷണിയുയർത്തുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തര പ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്ന് മോചനം പ്രാപിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകളിലും മദ്യം ഉപയോഗത്തെ സാമൂഹ്യ തിന്മയായും ജനങ്ങളുടെ ആരോഗ്യത്തേയും മനസിനെയും തകർക്കുന്ന ആഗോള പ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത്രാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനി

സിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി. അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതിവിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 20 ഇരട്ടി വർദ്ധിച്ച് 586-ൽ എത്തി നില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ 4500 കോടി രൂപാ കേരള സർക്കാർ ചെലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചിലവഴിക്കുന്നതെന്ന് ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.

മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നു പോകുമെന്നത് വാസ്തവ വിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം മദ്യത്തിന്റെ ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജ പ്രചരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെ മൂലകാരണം മദ്യവും മറ്റു ലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തെരഞ്ഞെടുപ്പ് അടു ത്ത് വരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയും വേണം. മദ്യ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽ നിന്ന് അവരെ അകറ്റി നിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.

സന്തോഷവും സമാധാനവുമുള്ള ഒരു ജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തേയും മറ്റുള്ളവരുടെ സ്വൈര്യജീവിതത്തെയും മദ്യ-ലഹരികൾക്ക് അടിമകളായിട്ടുള്ളവർ തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടേ പിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്.

'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. "മാരക വിഷമാണ് മദ്യം" എന്ന ലേബലിൽ മദ്യകച്ച വടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47-ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമെ മദ്യം ഉല്പാദിപ്പിക്കാൻ പാടുള്ളു. മദ്യപാനികൾ ദൈവരാജ്യത്തിൽ പ്രവേ ശിക്കുകയില്ല എന്ന വേദവാക്യം (1 കോറി 6:10) നാം മറന്നു പോകരുത്. വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കണ്ട. വീഞ്ഞു അനേ കരെ നശിപ്പിച്ചിട്ടുണ്ട് (പ്രഭ. 31 : 25). ഈ തിരുവചന ഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടി രിക്കുന്നു എന്നതാണ്. ഇതുമൂലം നാട്ടിൽ ക്രമസമാധാന നില തകരുന്നു, റോഡപകടങ്ങളും, പീഡനങ്ങളും, ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തികഭദ്രതയും ആരോഗ്യനിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം വിസ്മരി ക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽ നിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്. മദ്യവിമുക്തസഭയും സമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. മദ്യ ത്തിന്റെ ദൂഷ്യം മാനവ സമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇടവ കകൾതോറും കർമ്മനിരതരായ അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസു കളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരളജ നതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തി ക്കുകയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും വേണം. കെ.സി. ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹാ

യസഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച രൂപതാ മദ്യവിരുദ്ധസമിതിക്ക് നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

---

NB: 2021 മാർച്ച് മാസം 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

Prot. No. 0241/2021

# സിനഡ് അനന്തര സർക്കുലർ

## സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി

## തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളാണ് ആറു ദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതി കൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർ ത്താൻ സമർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിന ഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹസാന്നിധ്യം വഴി ലോകത്തിനു മുഴുവൻ മാർ ഗ്ഗദർശിയായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമാ യ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മ രിച്ചു. എല്ലാവരും സഹോദരർ (Fratelli Tutti) എന്ന പാപ്പായുടെ പുതി യ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹ്യബോധന മാണ്. കോവിഡിന്റെ അന്ധകാരത്തിനിടയിലും ദൈവം തെളിച്ച നക്ഷത്രങ്ങൾപോലെ സീറോമലബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷിക്തരായി എന്നത് അഭിമാനകരമാണ്.

**അനുസ്മരണയും അഭിനന്ദനവും**

സീറോമലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി, ആർച്ചുബിഷപ്പ് ജോസഫ് ചേന്നോത്ത് എന്നീ പിതാ ക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർത്ഥനാ

പൂർവ്വം അനുശോചനം രേഖപ്പെടുത്തി. തന്റെ ഇടയ ശുശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോമുഖമായ വളർച്ച യ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോമലബാർ സഭയുടെ ആരാധനക്രമ നവീകരണത്തിനും സഭയുടെ പ്രത്യേകനിയമസംഹിത (Particular Law) യുടെ രൂപീകര ണത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ജപ്പാ നിലെ വത്തിക്കാൻ സ്ഥാനപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ട ആർച്ചുബിഷപ്പ് ജോസഫ് ചേന്നോ ത്ത് പിതാവിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗവൺമെന്റ് ആദരിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വന്ദ്യ പിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയ മിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയവഴിയിൽ എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു. സീറോമലബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യ മായി അഭിവന്ദ്യപിതാവിന്റെ നിയമനത്തെ നമുക്കു മനസ്സിലാക്കാം.

**യുവജന ശുശ്രൂഷകൾ**

സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന സീറോമലബാർ യൂത്ത് മൂവ്മെന്റ് (SMYM) ആണ്. കേരളത്തിലെ മൂന്ന വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മ യായാണ് കെ. സി. വൈ. എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ. സി. വൈ. എം. ന്റെ ഭാഗമാകുന്നത്. സീറോമലബാർ സഭയിലെ 15 വയസ്സി നും 30 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമാ യ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പി ലാക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാ വശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘട നാതലത്തിൽ വരുത്തുന്നതാണ്.

**ആരാധനക്രമം**

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾനടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർഥനകൾക്കു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബാനകളിൽ വായിക്കുന്നതിന് പരമ്പരാഗതമായുണ്ടായിരുന്ന വായനാ പഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാ പഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധതിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാനവട്ടചർച്ചകളും സിനഡിൽ നടന്നു.

**ക്രൈസ്തവ പീഡനം**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർ മാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ

സഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷവഴികളിൽ ധീരമായി മുന്നേറാൻ പീഡിത സഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

**കർഷക സമരം**

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോമലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾപോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് പുതിയ കാർഷിക ബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉല്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണ നിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുതിയ കാർഷിക നിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ് പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനിൽപിനായി തെരുവിലിറങ്ങേണ്ടി വന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ പരിസ്ഥിതിലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

**സഭയിലെ അച്ചടക്കം**

കത്തോലിക്കാസഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിന് സുപ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോമലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായ്മയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തു വരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തരവേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വ

ത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയിരുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനകരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡു വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തെയും കുരിശു മരണത്തെയും അനുസ്മരിക്കുന്ന നോമ്പുകാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേപ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സലപിതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ ത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**
മേജർ ആർച്ചുബിഷപ്പ്

NB: 2021 മാർച്ച് 21-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# പുതുഞായർ
# ദൈവകരുണ പ്രകാശിതമായ ദിനം

ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഞായർ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തെ അനുസ്മരിച്ച് പുതുഞായറായി ആചരിക്കുന്ന പാരമ്പര്യം നമ്മുടെ സഭയിലുണ്ട്. ഈ ദിവസം തന്നെയാണ് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രഖ്യാപിച്ച ദൈവകരുണയുടെ തിരുനാൾ ദിനവും ആഗോളസഭയിൽ ആഘോഷിക്കുന്നത്. ഉത്ഥിതനായ ഈശോയുടെ തിരുവിലാവിൽ സ്പർശിക്കാനും അവിടുത്തെ സ്നേഹം അനുഭവിക്കാനും ഭാഗ്യം ലഭിച്ചത് തോമാശ്ലീഹായ്ക്കാണ്. ഈശോയുടെ കരുണയുടെ ഏറ്റവും വലിയ പ്രകാശനമായിരുന്നു തോമാശ്ലീഹായുടെ സ്നേഹശാഠ്യത്തിന് വഴങ്ങിയുള്ള അവിടുത്തെ പ്രത്യക്ഷപ്പെടൽ. ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഒഴുകിയിറങ്ങിയ തിരുജലത്തെയും തിരുരക്തത്തെയും അവിടുത്തെ കരുണയുടെയും സ്നേഹത്തിന്റെയും അടയാളങ്ങളായിട്ടാണ് ദൈവകരുണയുടെ അപ്പസ്തോല എന്നറിയപ്പെടുന്ന വി. മരിയ ഫൗസ്റ്റീന തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നമുക്ക് സുപരിചിതമായ കരുണയുടെ ഈശോയുടെ ചിത്രത്തിൽ ഈശോയുടെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന രണ്ട് പ്രകാശകിരണങ്ങളുടെ സൂചനയും ഇത് തന്നെയാണ്.

ദൈവകരുണയുടെ അതുല്യമായ ഈ വെളിവാക്കലിന് ആദ്യത്തെ സാക്ഷി നമ്മുടെ പിതാവായ മാർ തോമാശ്ലീഹായാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. തോമാശ്ലീഹായുടെ ദൈവകരുണാനുഭവത്തിന്റെയും വിശ്വാസപ്രഖ്യാപനത്തിന്റെയും അനുസ്മരണമാണ് പുതുഞായർ ആചരണത്തിന്റെ അനന്യത.

തീക്ഷ്ണമായ വലിയ നോമ്പാചരണത്തിലൂടെയും പ്രാർത്ഥനാനിർഭരമായ വിശുദ്ധവാരാചരണത്തിലൂടെയും വിശ്വാസജീവിതത്തെ പുതുചൈതന്യമുള്ളതാക്കിത്തീർത്ത് പുതുഞായറിനായും, ദുഃഖവെള്ളി മുതൽ പുതുഞായർ വരെയുള്ള ദിനങ്ങളിൽ ദൈവകരുണയുടെ നൊവേന ചൊല്ലി പ്രാർത്ഥിച്ച് ദൈവകരുണയുടെ തിരുനാളിനായും നമുക്ക് ഒരുങ്ങാം.

ഉത്ഥിതനായ ഈശോയുടെ തിരുവിലാവിൽ സ്പർശിക്കാനും അവിടുത്തെ സ്നേഹം അനുഭവിക്കാനും സാക്ഷ്യപ്പെടുത്താനും ഭാഗ്യം ലഭിച്ച മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം വഴി നമ്മുടെ വിശ്വാസജീവിതം വളരാനും, ശക്തിപ്പെടാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

# രൂപതക്കച്ചേരി

*C. 14/2021* **വി. മൂറോൻ**

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച (29.03.2021) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.11.30-ന് ആഘോഷമായ ദിവ്യബലിയോടുകൂടിയാണ് വി. മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച മുതൽ രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

*C. 15/2021* **New Appointments**

| | | | |
|---|---|---|---|
| **Eparchial Consultors** | | | |
| Fr. Jacob Vadakkumparambil | | | |
| Fr. Jose Koonanickal | | | |
| **Construction Committee** | | | |
| Fr. Mathews Edattu | | | |
| **Vicar** | | | |
| Inchathotty | - | Fr. Mathew Kochupurackal (Sr.) | |
| Mamalakandam | - | Fr. James Choorathotty | |
| **Vicar in Charge** | | | |
| Nellikuzhy | - | Fr. Paul Choorathotty | |
| Mudavoor | - | Fr. Varghese Paramel | |
| **Parochial Vicar** | | | |
| Ayavana | - | Fr. Mathew Plathottathil | 7025813343 |
| Kallanickal | - | Fr. Thomas Keecheril CMI | |
| Muthalakodam | - | Fr. Joseph Madathil (Jr.) | 9947201477 |

| | | | |
|---|---|---|---|
| Muvattupuzha | - | Fr. John Vamattathil | 9605904206 |
| Pannimattam | - | Fr. James Mannukalathu CMI | |
| Velielchal | - | Fr. Emmanuel Chirayamkandathil CMI | |
| Vazhakulam | - | Fr. Paulson Marattil | 8547982790 |
| **Asst. Director CML** | | | |
| Fr. Varghese Paramel | | | |

*Bishop*

*C. 16/2021* **Notification**

This is to notify that Fr. Ajin (Thoma) Nellikanathil CMI, a Solemnly professed religious and priest of CMI Mar Thoma Province Chanda, originally hailing from the Parish of Bethel in the Eparchy of Idukki, was dismissed by the Congregation for Institutes of Consecrated Life and Societies of Apostolic Life in accordance with CCEO,c.549 §2,1º with immediate effect. Hence he is forbidden to exercise priestly ministry in the Eparchy of Kothamangalam.

*Bishop*

C. *17/2021* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

C. *18/2021* **തിരട്ട്**

ഈ സാമ്പത്തികവർഷവും (2020-2021) തിരട്ടുഫീസും രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട മറ്റു പിരിവുകളും കഴിഞ്ഞ വർഷത്തെ തുക തന്നെ ആയതിനാൽ പ്രത്യേകം അറിയിപ്പ് നല്കുന്നതല്ല. സാമ്പത്തികവർഷം അവസാനിക്കുന്നതിനാൽ ഓഡിറ്റിംഗിനായി മുൻകാലങ്ങളിൽ നല്കിയിട്ടുള്ള നിർദ്ദേശമനുസരിച്ച് കണക്കുകൾ ക്രമീകരിക്കുമല്ലോ. പ്രീസ്റ്റ് ഹോമിന്റെ പണികൾ നടക്കുന്നതിനാൽ മാർച്ച് 15-ന് മുമ്പായി പിരിവുകൾ രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു സഹകരിക്കുമല്ലോ.

*Procurator*

*Pr.C. 2/2021* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on

**Tuesday, 2021 April 13, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2021 April 10.

*Secretary*

### *PC. 2/2021* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on **Saturday, 2021 April 17, from 10.00 am to 1.00 pm** at NESTT, Muvattupuzha. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2021 April 11.

*Secretary*

### *PC.3/2021* പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

കഴിഞ്ഞ മാസത്തെ ദൈവരാജ്യത്തിൽ അറിയിച്ചിരുന്നതനുസരിച്ച് ഫൊറോന കൗൺസിൽ പ്രതിനിധികളെ അതാതിടവകകളിൽ തിരഞ്ഞെടുത്തു എന്ന് കരുതട്ടെ. രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോന പ്രതിനിധികളെ ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത് 2021 മാർച്ച് 28-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം മൂവാറ്റുപുഴ NESTT-ൽ വച്ച് ഏപ്രിൽ 24-ാം തിയതി 10.00 മണി മുതൽ 01.00 മണി വരെ നടത്തുന്നതുമാണ്.

*Chancellor*

### *JS.1/2021* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2021-2022 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only)

and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2021 മെയ് 8-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2021 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Chancellor*

# മൈനർ സെമിനാരി

*MS 6/2021* **New Priests' Day & St. Joseph's Day**

കോതമംഗലം രൂപതയ്ക്കായി നവാഭിഷിക്തരായ റവ. ഫാ. ജോസഫ് മഠത്തിൽ, റവ. ഫാ. പോൾസൺ മാറാട്ടിൽ, റവ. ഫാ. ജോൺസൺ വാമറ്റത്തിൽ, റവ. ഫാ. മാത്യു പ്ലാത്തോട്ടത്തിൽ എന്നിവർക്ക് മൈനർ സെമിനാരിയിൽ സ്വീകരണം നൽകി. ഫെബ്രുവരി 14-ാം തീയതി വൈകിട്ട് നവവൈദികർ അർപ്പിച്ച സമൂഹബലിക്കുശേഷം

നടന്ന സ്നേഹവിരുന്നിൽ അഭിവന്ദ്യ പിതാവും ബിഷപ്പ്സ് ഹൗസിലെ വൈദികരും പങ്കെടുത്തു. വൈസ് റെക്ടർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ സ്വാഗതം ആശംസിച്ചു. ബ്രദേഴ്സിന്റെ പ്രതിനിധിയായി ബ്ര. ജോസഫ് വടക്കുംപറമ്പിൽ ആശംസയർപ്പിച്ചു. വൈദിക വിദ്യാർത്ഥികൾ മധ്യവേനലവധിക്കായി ഭവനങ്ങളിലേക്ക് പോകുന്നതിനാൽ സെന്റ് ജോസഫ്സ് ഡേയും തദവസരത്തിൽ ആഘോഷിച്ചു. ജോസഫ് നാമധാരികൾക്ക് അഭിവന്ദ്യ പിതാവ് ആശംസകളർപ്പിച്ചു.

*MS 7/2021* **വൊക്കേഷൻ ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. ആന്റണി വിളയപ്പിള്ളിൽ – Ph. 8078823782) ബന്ധപ്പെടുമല്ലോ.

*MS 8/2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | V. Rev. Fr. Joseph Mulanjanany | ₹ 10,000 |
| 2 | Saji Adackanatt, Anicadu | ₹ 14,000 |
| 3 | One Benefactor | ₹ 1,00,000 |
| 4 | One Benefactor | ₹ 50,000 |
| 5 | Mathew Michael Edattu, Anicadu | ₹ 25,000 |
| 6 | CML Muthalakodam | ₹ 25,000 |
| 7 | Jose Nedungattu, Vazhakulam | ₹ 1,00,000 |
| 8 | E. P. Mathachan Inchackal, Nellimattam | ₹ 12,500 |
| 9 | One Benefactor | ₹ 5,700 |
| 10 | Unnichiamma Thomas Amamthuruthel, Mailacombu | ₹ 10,000 |
| 11 | Sebastian Ouseparambil, Thodupuzha East | ₹ 1,000 |
| 12 | Francis Kavumpuram in memory of Bro. Joseph Kavumpuram | ₹ 2,000 |
| 13 | M.A. Joseph Malieckal, Perumannoor | ₹ 2,000 |
| 14 | One Benefactor | ₹ 5,000 |

*Rector*

# വിജ്ഞാനഭവൻ

*V. 7/2021* **ടീച്ചേഴ്സ് സെമിനാർ**

ഫൊറോന അടിസ്ഥാനത്തിൽ വിശ്വാസപരിശീലകരുടെ സെമിനാർ Online ആയി മാർച്ച് പകുതിയോടെ നടത്താമെന്നു കരുതുന്നു. തീയതികളും മറ്റു വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

*V. 8/2021* **രണ്ടാം സെമസ്റ്റർ പരീക്ഷ – ഏപ്രിൽ 10 ശനി**

രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഏപ്രിൽ 10 ശനിയാഴ്ച ആയിരിക്കും. V മുതൽ XII വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൺഡേ സ്കൂളിൽ വച്ചു തന്നെ പരീക്ഷ നടത്താവുന്നതാണ്. രണ്ടു സെക്ഷൻ ആയിട്ടാണ് നടത്തേണ്ടത്. I മുതൽ IV വരെ ക്ലാസ്സുകളിൽ കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ Online പരീക്ഷയായിരിക്കും. സമയക്രമം താഴെ കൊടുക്കുന്നു. സംശയങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ നേരിട്ടു വിളിച്ചറിയിക്കുമല്ലോ.

Std - V - VIII - 9.00 am - 11.00 am

IX- XII - 11.00 am - 01.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 9-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും (മാർക്കും, ഇന്റേണൽ മാർക്കും സൈറ്റിൽ എന്റർ ചെയ്ത് പ്രിന്റ് എടുക്കുക.) രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 24-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 24-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4 മെയ് 3 തിങ്കൾ റിസൽട്ട്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 20 -ന് അവസാനിക്കുന്നതാണ്.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ ചോദ്യപേപ്പർ PDF ആയി അയയ്ക്കുന്നതാണ്. കൂടാതെ, ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചുള്ള ചോദ്യപേപ്പർ ഇവിടെനിന്ന് തരുന്നതായിരിക്കും.

## *V. 9/2021* SAY EXAM- X, XII

**രജിസ്ട്രേഷൻ : 2021 മെയ് 3 മുതൽ 10 വരെ.**

**പരീക്ഷ : മെയ് 16 ഞായർ**

സമയം : 11.00 am - 01.00 pm

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 24**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 15-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്ര ങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 22-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.

## *V. 10/2021* സ്കോളർഷിപ്പ് പരീക്ഷ

തീയതി : ഏപ്രിൽ 13 ചൊവ്വ

സമയം : 10.30 am - 12.30 pm

**പരീക്ഷാകേന്ദ്രങ്ങൾ**

Kothamangalam- SAGHS (കോതമംഗലം, ഊന്നുകൽ ഫൊറോനകൾ)

Muvattupuzha - Nirmala High School (State) (മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ)

Vazhakulam - Little Theresa's GHS (വാഴക്കുളം ഫൊറോന)

Thodupuzha - St. Sebastian's UPS (തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ)

Muthalakodam - SHGHS (മുതലക്കോടം ഫൊറോന)

Karimannoor - Holy Family LPS (കരിമണ്ണൂർ ഫൊറോന)

Paingottoor - St. Joseph's HSS (കാളിയാർ, പൈങ്ങോട്ടൂർ ഫൊറോനകൾ)

രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ B ലിസ്റ്റും ഹാൾടിക്കറ്റും ഏപ്രിൽ 10-ാം തീയതിയിലെ പരീക്ഷാ പേപ്പറിന്റെ കൂടെ ഉണ്ടായിരിക്കുന്നതാണ്. മുകളിൽ കൊടുത്തിരിക്കുന്ന ഫൊറോനകളിലുള്ളവർ അതാതു സെന്ററുകളിൽതന്നെ പരീക്ഷ എഴുതേണ്ടതാണ്.

NB: കോവിഡിന്റെ സാഹചര്യമനുസരിച്ചായിരിക്കും പരീക്ഷകളുടെ നടത്തിപ്പ്.

*V. 11/2021* **വിശ്വാസപരിശീലനരംഗത്ത് 15, 20 വർഷങ്ങൾ പൂർത്തിയാക്കുന്നവർ**

**15** – റിജിൽ ജോയി വെട്ടിയാങ്കൽ, പെരുമണ്ണൂർ

**20** – മാത്യു വർഗീസ് കുത്തനാപ്പിള്ളി, തൊമ്മൻകുത്ത്

*V. 12/2021* **12–ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

ഏപ്രിൽ 11–ാം തീയതി ഞായറാഴ്ച വി. കുർബാന 12–ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പ് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 13/2021* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

---

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

---

*Edn. 6/2021* **അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷകൾ**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിലേക്കുള്ള അപേക്ഷകൾ 2021 മാർച്ച് 1 മുതൽ വിദ്യാഭ്യാസ ഏജൻസിയുടെ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നതായിരിക്കും. TTC, BEd, KTET, SET, NET, MEd, MPhil തുടങ്ങിയവ വിജയിച്ചവർക്കാണ് അവസരം. യോഗ്യത പരീക്ഷ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റുമായി രൂപത ഓഫീസിൽ വന്ന് അപേക്ഷ ഫോറം വാങ്ങേണ്ടതാണ്. **കഴിഞ്ഞ വർഷം അപേക്ഷ നൽകിയവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.** കൂടുതൽ വിവരം അറിയേണ്ടവർ

രൂപത ഓഫീസുമായി നേരിട്ടു ബന്ധപ്പെടുക. അപേക്ഷകൾ രൂപത ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2021 മാർച്ച് 31 ബുധ നാഴ്ച 5.00 pm. പരീക്ഷ 2021 ഏപ്രിൽ 16 വെള്ളിയാഴ്ച രാവിലെ 10.00 മണിക്കു നടത്തുന്നതായിരിക്കും. വിജയിച്ചവർക്കുള്ള ഇന്റർവ്യൂ 2021 ഏപ്രിൽ 23, 24 വെള്ളി, ശനി ദിവസങ്ങളിൽ നടത്തപ്പെടും.

*Edn. 7/2021* **അപേക്ഷാഫോറം**

2021–22 അദ്ധ്യയന വർഷത്തിലേക്കുള്ള അദ്ധ്യാപക അനദ്ധ്യാ പക ട്രാൻസ്ഫറിനുവേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ 1–3–2021 മുതൽ വിതരണം ചെയ്യുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷാഫോറം സ്വീകരിക്കുന്ന അവസാനതീയതി 31–3–2021 ബുധൻ 5.00 pm.

*Secretary*

# സോഷ്യൽ സർവീസ്

*SS. 9/2021* **ഒരു കോടി രൂപയുടെ വായ്പാവിതരണം**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭി മുഖ്യത്തിൽ നൽകുന്ന ഒരു കോടി രൂപയുടെ വായ്പാവിതരണം സോഷ്യൽ സർവീസ് സൊസൈറ്റി പ്രസിഡന്റും വികാരിജനറാളുമായ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ 2021 ഫെബ്രുവരി 16–ാം തീയതി തൊടുപുഴ ടൗൺഹാളിൽ കൂടിയ സമ്മേളനത്തിൽ വച്ച് ഉദ്ഘാ ടനം ചെയ്തു. കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നാണ് തുക ലഭ്യമാകുന്നത്. 50 ലക്ഷം രൂപയുടെ ചെക്കുകൾ ക്രെഡി റ്റുയൂണിയന്റെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്ക് (SHG–കൾ) കൈമാറി. അടുത്ത രണ്ടാഴ്ചക്കകം 50 ലക്ഷം രൂപ കൂടി നൽകുന്നതാ ണ്. 19 സംഘങ്ങളിൽപ്പെട്ട 200 അംഗങ്ങൾക്ക് 50,000 രൂപ വീതമാണ് നൽകുന്നത്. വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി നൽകിയിരി ക്കുന്ന തുക 36 ഗഡുക്കളായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചുനൽകി യാൽ മതി.

*SS. 10/2021* **ഇടവകകളിൽ SHG–കൾ സ്ഥാപിക്കുക**

നമ്മുടെ ഇടവകകളിൽ ക്രെഡിറ്റു യൂണിയനുകൾ ശക്തീകരി ക്കുകയും സ്വയം സഹായസംഘങ്ങൾ (SHG–കൾ) രൂപീകരിക്കുകയും

ചെയ്യുന്നത് സാധാരണ ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടും. കർഷക സംഘങ്ങളായി രൂപീകരിച്ചാലും മതിയാവും. ഇനിയും മുൻപറഞ്ഞ കോർപ്പറേഷനിൽ നിന്നും വായ്പ ലഭ്യമാക്കുവാനുള്ള സാധ്യതകൾ ഉണ്ട്. സജീവസംഘങ്ങൾ വഴി മാത്രമേ വായ്പ വ്യക്തികൾക്ക് ലഭിക്കുകയുള്ളൂ.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 13/2021* **അനുമോദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് അസി. ഡയറക്ടർ ആയി നിയമിതനായ ബഹു. വർഗീസ് പാറമേൽ അച്ചന് രൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

*CML 14/2021* **Highway to Heaven - കാർലോ അക്യൂറ്റസ്**

ശാഖയിലെ എല്ലാ അംഗങ്ങൾക്കുമായി രൂപതാതലത്തിൽ വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റസിനെക്കുറിച്ച് 'Highway to Heaven' എന്ന പേരിൽ ഒരു ഡയറി നിർമ്മാണമത്സരം നടത്തുന്നു. ഒരു ശാഖയിൽ നിന്ന് ഒരു ഡയറി രൂപതാതല മത്സരത്തിനായി മാർച്ച് 30-ന് മുൻപായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 15/2021* **Family-Time:- Gems Online Gathering**

ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയിലെ GEMS കുട്ടികൾക്കായി ഫെബ്രുവരി 9-ാം തീയതി ഗൂഗിൾ മീറ്റ് വഴി ഒരു സെമിനാർ നടത്തി. ചൈൽഡ് സൈക്കോളജി രംഗത്ത് പ്രവർത്തിക്കുന്ന ശ്രീ. ജയിംസ് ബിനു ചാക്കോയാണ് ക്ലാസ്സുകൾ നയിച്ചത്. 80-ഓളം കുട്ടികൾ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ച ശ്രീ. ജയിംസ് ബിനുവിന് രൂപതാക്കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*CML 16/2021* **വെബ്സൈറ്റ്**

പുതിയ കുട്ടികളുടെ പേരുകൾ ചേർക്കുന്നതിനും, എന്തെങ്കിലും അപ്ഡേഷൻ ഉണ്ടെങ്കിൽ അത് ചെയ്യുന്നതിനുമായി വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. മാർച്ച് 10-ന് മുൻപ് ഇക്കാര്യങ്ങളെല്ലാം ചെയ്തു തീർക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*CML 17/2021* **രൂപതാതല സമ്മേളനം**

2019–20 മികച്ച ശാഖാ–മേഖലാ എന്നിവയ്ക്കുള്ള ട്രോഫികൾ വിതരണം ചെയ്യുന്നതിനും മത്സരങ്ങളുടെ സമ്മാനങ്ങൾ നൽകുന്നതിനുമായി ഫെബ്രുവരി 28–ാം തീയതി രൂപതാതലസമ്മേളനം നടത്തി. സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനെയും പങ്കെടുത്ത മറ്റെല്ലാവരെയും രൂപതാക്കുടുംബം നന്ദിയോടെ ഓർക്കുന്നു.

*CML 18/2021* **ഇടവകയ്ക്ക് ഒരു ബൈബിൾ**

കോതമംഗലം രൂപതയിലാകെ തരംഗമായിക്കൊണ്ടിരിക്കുന്ന 'ഇടവകയ്ക്ക് ഒരു ബൈബിൾ' എന്ന ബൈബിൾ കയ്യെഴുത്ത് പ്രതി നിർമ്മാണം ഇതിനോടകം 74 ഇടവകകൾക്ക് പൂർത്തീകരിക്കുവാൻ സാധിച്ചു. ഈ മാസം ബൈബിൾ കയ്യെഴുത്ത് പ്രതി പ്രകാശനം നടത്തിയ നാടുകാണി, ചാലാശ്ശേരി, പെരുമ്പല്ലൂർ, തൃക്കാരിയൂർ എന്നീ ശാഖകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

*CML 19/2021* **MISSIO (ഫാ. ജോൺ പടിഞ്ഞാട്ടുവയലിൽ മെമ്മോറിയൽ അഖില കേരള മിഷൻ ക്വിസ്)**

കോതമംഗലം രൂപതയ്ക്കും, ചെറുപുഷ്പമിഷൻലീഗ് സംഘടനയ്ക്കും ഏറെ സംഭാവനകൾ നൽകി കടന്നുപോയ ബഹു. ജോൺ പടിഞ്ഞാട്ടുവയലിൽ അച്ചന്റെ അനുസ്മരണാർത്ഥം ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയും നെല്ലിക്കുഴി ശാഖയും സംയുക്തമായി MISSIO എന്ന പേരിൽ അഖില കേരള മിഷൻ ക്വിസ് ഓൺലൈൻ ആയി നടത്തി. ഫെബ്രുവരി 20–ന് നടന്ന ആദ്യറൗണ്ട് മത്സരത്തിൽ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള 220 ഓളം പേർ പങ്കെടുത്തു.

*Director*

## കെ.സി.എസ്.എൽ.

*KCSL. 8/2021* **അനുമോദനങ്ങൾ**

KCSL സഖ്യത്തിന്റെ അസി. ഡയറക്ടർ ആയി നിയമിതനായ

ബഹു. വർഗീസ് പാറമേൽ അച്ചന് രൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

*KCSL. 9/2021*

കോവിഡ് കാലഘട്ടത്തിലൂടെയുള്ള പ്രവർത്തനവർഷം സമാപനത്തിലേക്ക് നീങ്ങുകയാണ്. ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നടത്തുവാനും നമുക്ക് സാധിച്ചു. ഫെബ്രുവരി 28-ന് എല്ലാ മത്സര വിജയികൾക്കും അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി. 10, 12 ക്ലാസ്സിലെ കൂട്ടുകാർ അവരുടെ ഫൈനൽ പരീക്ഷയ്ക്കായി ഒരുങ്ങുകയാണല്ലോ. എല്ലാവർക്കും ഉന്നതമായ വിജയം മുൻകൂട്ടി നേരുന്നു.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 3/2021* **രൂപത എക്സിക്യൂട്ടീവ്**

മാർച്ച് 6 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത എക്സിക്യൂട്ടീവ് ചേരും. ഫ്രാൻസിസ് മാർപാപ്പാ മാർച്ച് 19 മുതൽ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബ വർഷാചരണത്തോടനുബന്ധിച്ചുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകും.

*FA 4/2021* **വിവാഹ ഒരുക്ക സെമിനാർ**

മാർച്ച് മാസത്തെ Pre Marriage Course 12, 13, 14 തീയതികളിൽ ഓൺലൈൻ ആയി നടത്തപ്പെടുന്നതാണ്. വിവരങ്ങൾക്കായി 9495011191 നമ്പറിൽ ബന്ധപ്പെടുക (10.00 am to 05.00 pm).

*Director*

## മാതൃവേദി

*MV 11/2021* **രൂപതാതല ചാവറ ക്വിസ് വിജയികൾ**

ഫെബ്രുവരി 7-ാം തീയതി നടത്തിയ രൂപതാതല ചാവറ ക്വിസിന്റെ വിജയികൾക്ക് അനുമോദനങ്ങൾ.

I Betsy Benny Karimpadakuzhiyil, Marika
Rosemary Cessal, Kainickal, Bethlehem

II Rosemary Jiji, Pazhayamkottil, Kuninji

III Mareena Jose, Mekkunnel, Parapuzha
Mary Johny, Thakidiyil, Kothamangalam

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 9/2021* **രൂപതാ സമിതി യോഗം**

2021 ഫെബ്രുവരി 3-ാം തീയതി പൈങ്ങോട്ടൂർ പള്ളി മിനി ഹാളിൽ വച്ച് DFC രൂപതാ സമിതി യോഗം ചേർന്നു. ടീച്ചേഴ്സ് ഗിൽഡ് പ്രവർത്തകരുമായി ചേർന്ന് സ്കൂൾ അദ്ധ്യാപകർക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. ഇതിനായി അക്ഷീണം പ്രവർത്തിക്കുന്ന രൂപത ഡയറക്ടർ ബഹു. ജോസ് കിഴക്കേൽ അച്ചനെ യോഗം അഭിനന്ദിച്ചു. Agents Meet, Promoters Meet എന്നിവ സംഘടിപ്പിക്കാനും ഫൊറോന സമിതികൾ 2 മാസത്തിലൊരിക്കൽ സമ്മേളിക്കുവാനും തീരുമാനിച്ചു.

*DFC 10/2021* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

ഫെബ്രുവരി 5-ന് മുതലക്കോടത്തും 16-ന് കരിമണ്ണൂരും 21-ന് കോതമംഗലത്തും ഫൊറോന കമ്മിറ്റികൾ യോഗം ചേർന്നു. ദീപിക തീവ്ര പ്രചരണമാസം, പ്രമോട്ടേഴ്സ് മീറ്റ് എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

*DFC 11/2021* **പ്രമോട്ടേഴ്സ് മീറ്റ്**

2021 മാർച്ച് 6-ാം തീയതി ഇടവക/ഫൊറോനതലങ്ങളിൽ നിന്ന് ദീപിക പ്രമോട്ടർമാരായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഒരു Workshop സംഘടിപ്പിക്കുന്നു. ദീപിക കോട്ടയം യൂണിറ്റിൽ നിന്നുള്ളവരാണ് ക്ലാസ്സ് നയിക്കുന്നത്. 6 ഫൊറോനകളിൽ നിന്നുള്ളവരെ വീതം ഉൾക്കൊള്ളിച്ച് 2 Batch ആയിട്ടാണ് നടത്തുന്നത്.

Workshop സംഘടിപ്പിക്കുന്ന സ്ഥലവും പങ്കെടുക്കേണ്ട ഫൊറോനകളും താഴെ ചേർക്കുന്നു:

**Batch A**

**മുതലക്കോടം പാരീഷ് ഹാൾ**

കോ-ഓർഡിനേറ്റർ - ഫാ. ജോസഫ് നിരവത്ത്

09.30 am - രജിസ്ട്രേഷൻ

10.00 am to 12.30 pm - ക്ലാസ്സ്

കരിമണ്ണൂർ, കാളിയാർ, മാറിക, മുതലക്കോടം, മൈലക്കൊമ്പ്, തൊടുപുഴ.

**Batch B**

**നിർമ്മല പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ**

കോ-ഓർഡിനേറ്റർ - ഫാ. ആന്റണി പുത്തൻകുളം

01.30 pm - രജിസ്ട്രേഷൻ

02.00 pm to 04.30 pm - ക്ലാസ്സ്

ആരക്കുഴ, കോതമംഗലം, പൈങ്ങോട്ടൂർ, മൂവാറ്റുപുഴ, വാഴക്കുളം, ഊന്നുകൽ.

*DFC 12/2021* **ദീപിക തീവ്രപ്രചരണമാസം**

അഭിവന്ദ്യ പിതാവിന്റെ ആഹ്വാനപ്രകാരം കുറുപ്പംപടി Sts. പീറ്റർ & പോൾ പള്ളിയിലും, ചീനിക്കുഴി സെന്റ് മേരീസ് പള്ളിയിലും പാരീഷ് കൗൺസിൽ, ഇടവക സമിതി അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ ഉൾപ്പെടെ നൂറ്റിയൻപതിൽപരം പുതിയ വരിക്കാരെ കണ്ടെത്തി. ഇതിനു മുൻകൈ എടുത്ത വികാരിമാരായ ഫാ. ജോസ് പൊതൂർ, ഫാ. ജോസ് കിഴക്കേൽ, കുറുപ്പംപടി DFC യൂണിറ്റ് പ്രസിഡന്റ് ഷൈജു ഇഞ്ചയ്ക്കൽ, സെക്രട്ടറി രാജു മാങ്കുഴ, മറ്റു DFC ഭാരവാഹികൾ, ചീനിക്കുഴി ഇടവകയിലെ കൈക്കാരന്മാർ, DFC ഭാരവാഹികൾ എന്നിവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

*Co-ordinator*

# യുവദീപ്തി

*YD 12/2021* **അഭിനന്ദനങ്ങൾ**

2021 ജനുവരി 30-31 തീയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന 43-ാമത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ കോതമംഗലം രൂപതയിൽ നിന്ന് സ്റ്റേറ്റ് ഓഡിറ്ററായി തെരഞ്ഞെടുക്കപ്പെട്ട അനു ഫ്രാൻസിസ്സിന് അഭിനന്ദനങ്ങൾ.

*YD 13/2021* **അനുമോദനയോഗം**

കോവിഡ് വൈറസ് വ്യാപനം അതിരൂക്ഷമായിത്തീർന്ന സാഹചര്യത്തിൽ, കോവിഡ് രോഗം മൂലം മരണമടയുന്നവരുടെ മൃതസംസ്കാര ശുശ്രൂഷയിൽ സഹായിക്കുന്നതിനായി, രൂപതാതലത്തിൽ രൂപീകരിച്ച Taskforce Team-ൽ സജീവമായി പങ്കെടുക്കുന്ന യുവജന സുഹൃത്തുക്കൾക്കായ് മാർച്ച് മാസത്തിൽ ഒരു അനുമോദനയോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

*YD 14/2021* **വിവാഹമംഗളങ്ങൾ**

യുവദീപ്തി - KCYM കോതമംഗലം രൂപതയുടെ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന ജോർബിൻ ബേബി കുന്നേലിനും ഭാര്യ അലീന റോയിക്കും രൂപതാകുടുംബത്തിന്റെ വിവാഹമംഗളാശംസകൾ.

*YD 15/2021* **Wonderful Outstanding Women**

യുവദീപ്തി - KCYM കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ, അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച്, രൂപതാതലത്തിൽ WOW- Wonderful Outstanding Women എന്ന പേരിൽ മാർച്ച് 7-ാം തീയതി ഞായറാഴ്ച ഏനാനല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് വനിതാസംഗമം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ യൂണിറ്റ് - ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സും എല്ലാ വനിതാ സുഹൃത്തുക്കളും വനിതാസംഗമത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

# ജീസസ് യൂത്ത്

## *JY 13/2021* **കോറൽ Jubliee**

ഫെബ്രുവരി മാസം ജീസസ് യൂത്ത് ആഗോളതലത്തിൽ കോറൽ Jubliee (35 വർഷം) ആഘോഷിച്ചു. ഇതിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ ആഗോളതലത്തിലും റീജിയൺ തലത്തിലും വ്യത്യസ്തങ്ങളായ കൂട്ടായ്മകളും വിവിധ പരിപാടികളും നടത്തപ്പെട്ടു.

കോറൽ ജൂബിലിയോട് അനുബന്ധിച്ചുള്ള thanksgiving Mass ജനുവരി മാസം സോണിൽ നടത്തപ്പെട്ടു.

ഫെബ്രുവരി 7-ാം തീയതി, ഞായറാഴ്ച സോണിലെ കോതമംഗലം & മൂവാറ്റുപുഴ House hold ഉം സിംഗപ്പൂരിലെ Admirality House hold ഉം ചേർന്നുള്ള combined House hold gathering നടത്തപ്പെട്ടു. വ്യത്യസ്തമായ ഈ കൂട്ടായ്മ അതിർത്തികൾക്ക് അപ്പുറമുള്ള ജീസസ് യൂത്ത് കൂട്ടുകാരെ പരിചയപ്പെടാനും അവിടുത്തെ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും ഒരുമിച്ചു പ്രാർത്ഥിക്കാനും വേദിയൊരുക്കി.

ഫെബ്രുവരി 12, വെള്ളിയാഴ്ച തൊടുപുഴ & പൈങ്ങോട്ടൂർ ഹൗസ്ഹോൾഡും UAE ലെ mussafah 2 ഹൗസ്ഹോൾഡ്, സൗദിയിൽ നിന്നുള്ള തറവാട് ഹൗസ്ഹോൾഡ് എന്നിവർ ചേർന്നുള്ള രണ്ടാമത്തെ combined household കൂട്ടായ്മ സോണിൽ സംഘടിപ്പിച്ചു. കോറൽ jubliee ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഈ കൂട്ടായ്മയിൽ നാല്പതോളം പേർ പങ്കെടുത്തു.

ഫെബ്രുവരി 5, 6, 7 തീയതികളിൽ വിവിധ റീജിയണുകളിലായി ജീസസ് യൂത്ത് ക്ലസ്റ്റർ കൂട്ടായ്മകൾ സംഘടിപ്പിക്കപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ജീസസ് യൂത്ത് ഇതിൽ പങ്കെടുത്തു.

ഫെബ്രുവരി 13-ന് ആഗോളതലത്തിൽ കോറൽ ജൂബിലി ആഘോഷത്തിന്റെ ഫൈനൽ ഗ്യാതറിങ് ഓൺലൈൻ ആയി നടത്തപ്പെട്ടു. വൈകിട്ട് 6 മുതൽ 8 വരെ യൂട്യൂബ് ലൈവ് ആയി നടത്തപ്പെട്ട പ്രോഗ്രാമിൽ രണ്ടായിരത്തിൽ അധികം പേർ തത്സമയം പങ്കെടുത്തു. റെക്സ് യമിറ-ന്റെ live musical concert, live inspiring sessions, 35 വർഷത്തെ ജീസസ് യൂത്ത് ചരിത്രം വിശദീകരിക്കുന്ന വീഡിയോ live

sessions, കോറൽ Jubliee theme Song എന്നിവ പ്രോഗ്രാമിന്റെ പ്രത്യേകതകളായിരുന്നു. ജീസസ് യൂത്ത് മൂവ്മെന്റിന്റെ Master Plan band ആണ് കോറൽ ജൂബിലി theme song പുറത്തിറക്കിയത്.

*JY 14/2021* **നൈറ്റ് വിജിൽ**

ജനുവരി മാസം സോണൽ ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈൻ നൈറ്റ് വിജിൽ നടത്തപ്പെട്ടു.

*Animator*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 1/2021* **പ്രാർത്ഥനാകൂട്ടായ്മ**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോതമംഗലം സോണിന്റെ നേതൃത്വത്തിൽ എട്ടു സബ് സോണുകളിലും, ഇടവകതല പ്രാർത്ഥന കൂട്ടായ്മകൾ വീണ്ടും ആരംഭിച്ചു തുടങ്ങി.

സോണൽ സേവന സമിതി എല്ലാ മാസവും ആദ്യ ചൊവ്വാഴ്ചകളിൽ കാരക്കുന്നം പള്ളിയിൽ ഒരുമിച്ചു കൂടുകയും പ്രാർത്ഥിക്കുകയും, സേവന സമിതി ചേർന്ന് പ്രാർത്ഥന കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാൻ ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു

ജനുവരി 26-ന് കാരക്കുന്നം പള്ളിയിൽ വച്ച് കരിസ്മാറ്റിക് ദിനം ആചരിക്കുകയും എല്ലാ സബ് സോണുകളിൽ നിന്നും പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. ശുശ്രൂഷകൾ സജീവമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ക്രിയാത്മകമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

എല്ലാ പ്രവർത്തനങ്ങൾക്കും, പ്രാർത്ഥനാശുശ്രൂഷകൾക്കും സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോൺ കോ-ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകുന്നു.

കോതമംഗലം സോണിന്റെ യൂട്യൂബ് ചാനലായ Prayer group Kothamangalam zone എന്ന ചാനലിലൂടെ നോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും നോമ്പുകാല ചിന്തകളും, ദിവ്യകാരുണ്യാരാധനയും നടത്തുന്നു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 3/2021* **ദ്വിദിന ശിൽപശാല**

കേരള ലേബർ മൂവ്മെന്റ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കരിമണ്ണൂർ തൊടുപുഴ സോണുകളിലെ ലീഡേഴ്സിനായി ദ്വിദിന നേതൃത്വപരിശീലന പരിപാടി നടത്തി. തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് ഫെബ്രുവരി 15, 16 തീയതികളിൽ നടന്ന പരിശീലനപരിപാടി രൂപത KLM ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്തു. കേന്ദ്ര തൊഴിൽ ക്ഷേമവികസന വകുപ്പ് റീജനൽ വിദ്യാഭ്യാസ ഓഫീസർ സി. സുമേഷ്, അഡ്വ. തോമസ് മാത്യു, സി. ഷീൻ മരിയ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇരു സോണുകളിൽ നിന്നുമായി 40 ഭാരവാഹികൾ പങ്കെടുത്തു.

*KLM 4/2021* **'St. Joseph's Day' ആഘോഷം**

തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനമായ മാർച്ച് 19 ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph | ” | 19 |
| " | Arackal Jose | ” | 19 |
| " | Athickal Joseph | ” | 19 |
| " | Chirapparambil Jose | ” | 19 |
| " | Ezhumayil Joseph | ” | 19 |
| " | Kadukamakal Joseph | ” | 19 |
| " | Kanjirakombil Jose | ” | 19 |
| " | Kalapurackal Jose | ” | 19 |
| " | Kapiyarumalayil Joseph | ” | 19 |
| " | Kallarackal Joseph | ” | 19 |

| | | | |
|---|---|---|---|
| Rev. Fr. | Kandathil Joseph | **March** | 19 |
| " | Kandathinkara Joseph | " | 19 |
| " | Keethappilly Joseph | " | 19 |
| " | Kizhakel Jose | " | 19 |
| " | Kochuparambil Joseph (Sr.) | " | 19 |
| " | Kochuparambil Joseph (Jr.) | " | 19 |
| " | Kochuputhenpurayil Joseph | " | 19 |
| " | Koickakudy Joseph | " | 19 |
| " | Koickakudy Joseph Cherian | " | 19 |
| " | Koithanath Joseph | " | 19 |
| " | Koonanickal Jose | " | 19 |
| " | Koonanickal Joseph | " | 19 |
| " | Koottumkal Joseph | " | 19 |
| " | Kottoor Joseph | " | 19 |
| " | Kulathoor Jose | " | 19 |
| " | Kunnumpurath Joseph | " | 19 |
| " | Kuzhikanniyil Joseph | " | 19 |
| " | Makolil Joseph | " | 19 |
| " | Madathil Joseph (Sr.) | " | 19 |
| " | Madathil Joseph (Jr.) | " | 19 |
| " | Mailadiathu Jose | " | 19 |
| " | Monippilly Jose | " | 19 |
| " | Moorkattil Jose | " | 19 |
| " | Mulanjanany Joseph | " | 19 |
| " | Mundackal Joseph (Sr.) | " | 19 |
| " | Mundackal Joseph (Jr.) | " | 19 |
| " | Mundunadayil Joseph | " | 19 |
| " | Muttathuvalayil Joseph | " | 19 |
| " | Nedumpuram Joseph | " | 19 |
| " | Neerampuzha Jose | " | 19 |
| " | Nellikunnel Joseph | " | 19 |
| " | Niravath Joseph | " | 19 |
| " | Parayannilam Joseph | " | 19 |

| | | | |
|---|---|---|---|
| Rev. Fr. | Pinakkattu Joseph | **March** | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Vadakkedath Joseph | ” | 19 |
| " | Vallomkunnel Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Mattathil Joseph CMF | ” | 19 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ജനുവരി 2021**

23 ● CMC സഭാംഗമായ സി. ഫിലിപ്പിയ തയ്യിൽ, നമ്പ്യാപറമ്പിലിന്റെ സന്യാസവ്രതവാഗ്ദാനത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● തെരഞ്ഞെടുപ്പിൽ വിജയിച്ച കോതമംഗലം മുനിസിപ്പാലിറ്റി പ്രതിനിധികളെ ആദരിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

25 ● CMI ഛാന്ദാ പ്രോവിൻസ് അംഗമായ ബഹു. ജോർജ് കളപ്പുരയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴക്കുളം കാർമ്മൽ ആശ്രമ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 ● കോതമംഗലം രൂപത മൈനർ സെമിനാരിയുടെ online benefactor meeting -ൽ സന്ദേശം നൽകി.

27 ● സീറോ മലബാർ ലെയ്റ്റി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ നവാഭിഷിക്തരുടെ Online Video Conference-ൽ സന്ദേശം നൽകി.

28 • ബസ്സേഹം ഇടവകാംഗമായ ഡീ. ജോൺസൺ വാമറ്റത്തിലിന് പൗരോഹിത്യപട്ടം നൽകി.

30 • SABS സന്യാസിനി സമൂഹാംഗമായ സി. ഫെബ്രോണിയ അമേനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• വാഴക്കുളം ഇടവകാംഗമായ പി. ജെ. അബ്രാഹം പേടിയ്ക്കാട്ടുകുന്നേലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച കോതമംഗലം രൂപതാംഗങ്ങളായ ജനപ്രതിനിധികളെ വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ആദരിച്ച ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

31 • NESTT അക്കാദമിയുടെ നേതൃത്വത്തിൽ നടത്തിയ തിയോളജി കോഴ്സിന്റെ Online Convocation Ceremony യിൽ സന്ദേശം നൽകി.

**ഫെബ്രുവരി 2021**

2 • CSN പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ വച്ച് സി. ഫിയോണ ഇലവുങ്കൽ, സി. ജൂബി ആലക്കളത്തിൽ, സി. അനീന വള്ളിത്താനത്ത്, സി. ഇവാന ഇടത്തൊള്ളിൽ എന്നിവരുടെ സഭാവസ്ത്രസ്വീകരണ തിരുക്കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

3 • ബഹു. സി. ലിസ്മരിയ MSJ യുടെ പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കല്ലൂർ ഇടവകാംഗമായ ബഹു. ജേക്കബ് കളപ്പുരക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

5 • ജാർഖണ്ഡ് ഹസാരിബാഗ് കാർമ്മൽ പ്രോവിൻസ് അംഗമായ സി. ലില്ലിയാൻസി CMC യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കുറുപ്പംപടി ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

6 • കോതമംഗലം രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ മരണവാർഷികദിനത്തിൽ കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു.

7 • അംബികാപുരം സെന്റ് മേരീസ് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

9 • മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ കോതമംഗലം രൂപത പ്രസ്ബിത്തേരിയത്തിൽ അദ്ധ്യക്ഷത വഹിച്ചു.

11 • ഏഴല്ലൂർ ഇടവകാംഗമായ ഡീ. മാത്യു പ്ലാത്തോട്ടത്തിലിന് പൗരോഹിത്യ പട്ടം നൽകി.

13 • SABS സന്യാസിനീസമൂഹത്തിന്റെ കീഴിലുള്ള കോതമംഗലം സാൻജോ ഓഫ്സെറ്റ് പ്രിന്റേഴ്സിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

14 • ഞാറക്കാട് "Love home" Rehabilitation Centre ന്റെ പുതുതായി പണികഴിപ്പിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• പുന്നമറ്റം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• കോതമംഗലം രൂപതാമൈനർ സെമിനാരിയിൽ വച്ച് നടത്തിയ സെന്റ് ജോസഫ് ദിനാഘോഷത്തിൽ സന്ദേശം നൽകുകയും നവവൈദികരെ ആദരിക്കുകയും ചെയ്തു.

15 • വിഭൂതി തിരുനാളിൽ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 • MSJ സഭാംഗമായ സി. യൂജിൻ മുണ്ടയ്ക്കലിന്റെ മൃതസംസ്കാ ശുശ്രൂഷയ്ക്ക് പ്രൊവിൻഷ്യൽഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19 • ആരക്കുഴ മലേക്കുരിശ് തീർത്ഥാടനത്തിന് നേതൃത്വം നൽകുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

# Bishop's Engagements

## March 2021

| | | | | |
|---|---|---|---|---|
| 01 Mon | ● | Meeting | POC | 11.00 am |
| 04 Thu | ● | Holy Qurbana | Karimannoor | 10.00 am |
| 18 Thu | ● | Holy Qurbana | St. Joseph Hospital KLM | 06.00 pm |
| 19 Fri | ● | Holy Qurbana | Cathedral | 07.00 am |
| 25 Thu | ● | Holy Qurbana | Cathedral | 07.00 am |
| 27 Sat | ● | Meeting | Lisieux centre, Vazhappilly | 10.30 am |
| 28 Sun | ● | Holy Qurbana | Cathedral | 6.30 am |
| 29 Mon | ● | Holy Qurbana | Cathedral | 10.00 am |

# സന്യാസസമൂഹങ്ങളുടെ പുതിയ സാരഥികൾ

## Provincial Officials of SD St. Vincent Province Kothamangalam

| | | |
|---|---|---|
| Provincial Superior | - | Rev. Sr. Jisa Rani Theruvamkunnel SD |
| Vicar Provincial | - | Rev. Sr. Lissett Karackatt SD |
| Education | - | Rev. Sr. Mariet Chollakunnel SD |
| Social Apostolate | - | Rev. Sr. Justy Maria Chittemariyil SD |
| Finance Officer | - | Rev. Sr. Anslin Lanithottathil SD |
| Evangelization & Mission | - | Rev Sr. Theresa Nedumpuram SD |
| Auditor & Secretary | - | Rev. Sr. Josni Thekethottiyil SD |

## Provincial Officials of CHF Kripajyothi Province Muvattupuzha

| | |
|---|---|
| പ്രൊവിൻഷ്യൽ സുപ്പീരിയർ | - സി. ആഷ ജോൺ |
| വികർ പ്രൊവിൻഷ്യൽ | - സി. അൽഫോൻസ് മരിയ |
| ആതുരശുശ്രൂഷ, സാമൂഹ്യപ്രേഷിതത്വം | - സി. ജെസ്സിൻ ജോസഫ് |
| ധനകാര്യം | - സി. പ്രിൻസി റാഫേൽ |
| കുടുംബപ്രേഷിതത്വം | - സി. ടെസ്സിൻ മേരി |
| ഓഡിറ്റർ | - സി. സൂസൻ മരിയ |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. മാത്യു തെക്കേക്കര (Jr) | ” | 07-04-2019 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

# നിര്യാതരായി

## സി. ഫെബ്രോണിയ SABS (അമേനാനിക്കൽ)

| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 18-12-1941 |
| ആദ്യവ്രതം | - | 22-04-1961 |
| നിത്യവ്രതം | - | 25-05-1966 |
| മരണം | - | 29-01-2021 |
| മൃതസംസ്കാരം | - | 30-01-2021 (മാറിക) |

## സി. യൂജിൻ MSJ (മു□യ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | മൂവാറ്റുപുഴ |
| ജനനം | - | 15-08-1934 |
| ആദ്യവ്രതം | - | 08-09-1960 |
| നിത്യവ്രതം | - | 08-09-1966 |
| മരണം | - | 18-02-2021 |
| മൃതസംസ്കാരം | - | 19-02-2021 (ധർമഗിരി പ്രൊവിൻഷ്യൽ ഹൗസ്) |

## സി. റോസിലന്റ് SABS (കളപ്പുരയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | തഴുവംകുന്ന് |
| ജനനം | - | 02-03-1939 |
| ആദ്യവ്രതം | - | 24-04-1963 |
| നിത്യവ്രതം | - | 24-04-1967 |
| മരണം | - | 22-02-2021 |
| മൃതസംസ്കാരം | - | 23-02-2021 (മാറിക) |

# Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

## (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara

Date : 01-03-2021

(Publisher)






ആരക്കുഴ
മലേക്കുരിശ്
തീർത്ഥാടനം


മൂവാറ്റുപുഴ നെസ്റ്റ്
പാസ്റ്ററൽ സെന്ററിൽ
നവീകരിച്ച ഹാളിന്റെ
വെഞ്ചരിപ്പ്





വൈദിക കൂട്ടായ്മ
സമ്മേളനം
09.02.2021

Deivarajyam March 2021
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/3/2021
●Posted at Thodupuzha Stg.
Annual Subscription ₹ 100.00







Amoris Laetitia
Family
Year 2021 - 2022

*"Through the spiritual, pastoral, and cultural initiatives planned in the Year 'Amoris Laetitia Family,' Pope Francis intends to address all ecclesial communities throughout the world, exhorting each person to be a witness of family love."*

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691